പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 254 — 08.02.2016 ൽ മറുപടിക്ക്

## ലഹരി പദാർത്ഥങ്ങളുടെ അനധികൃത വില്പ്പന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്കൂൾ-കോളേജ് പരിസരം കേന്ദ്രീകരിച്ച് പുകയില ഉൽപന്നങ്ങൾ, കഞ്ചാവ്, മയക്കുമരുന്ന് എന്നിവ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് സ്കൂൾ-കോളേജ് പരിസരം കേന്ദ്രീകരിച്ച് പുകയില ഉല്പന്നങ്ങൾ, കഞ്ചാവ്, മയക്കുമരുന്ന് എന്നിവ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ചില മേഖലകളിലെ സ്കൂളുകളുടെ പരിസരത്ത് പുകയില ഉല്പന്നങ്ങൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, അദ്ധ്യാപക-രക്ഷാകർതൃസമിതി, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും, റെയ്ഡുകൾ നടത്തിയും, കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമ നടപടികൾ സ്വീകരിച്ചും ലഹരിവസ്തുക്കൾ വില്പന നടത്തുന്ന സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി രഹസ്യ നിരീക്ഷണം നടത്തി, വിവരങ്ങൾ ശേഖരിച്ചും, ഇക്കാര്യത്തിൽ മുമ്പ് ശിക്ഷിക്കപ്പെട്ടവരെ നിരീക്ഷിച്ചും, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ജനമൈത്രി പോലീസിംഗ് എന്നിവയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും നടത്തിയും ഇത്തരം പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിച്ചുവരുന്നു. |

Rajani.V

സെക്ഷൻ ഓഫീസർ